# ഇതാ ഒരു സ്നേഹദൂതനും കൂട്ടരും!

സുഗതകുമാരി



ഇതാ ഒരു സ്നേഹദൂതനും കൂട്ടരും!
സുഗതകുമാരി
(മലയാളം: കത്ത്)

© 2021, Dr. M. R. Rajagopal

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Schmetterlinge, a painting by Wilhelm von Kaulbach (1805–1874). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഇതാ ഒരു സ്നേഹദൂതനും കൂട്ടരും!

സുഗതകുമാരി ഡോ. എം. ആർ. രാജഗോപാലിനയച്ച ഒരു കത്ത്, ഇതുവരെ പ്രസിദ്ധീകരിക്കാത്തത്, വായനക്കാർക്കായി സമർപ്പിക്കുന്നു.

കഠിനമായ ഒരു മാരകരോഗത്താൽ കഷ്ടപ്പെടുന്ന, വേദനയുടെ പടികൾ വലിഞ്ഞിഴഞ്ഞു കയറിത്തീർക്കുന്ന, ഒരു സ്ത്രീ മിനിഞ്ഞാന്ന് പറഞ്ഞു. “എത്ര ദിവസം കൂടിയാണെന്നോ ഒന്നുറങ്ങിയത്! ആഹാരം കഴിച്ചത്. അവർ ദൈവങ്ങളാ”—പിറ്റേന്നു രാവിലെ ഞാൻ പാലിയേറ്റീവ് കെയറിലെ ഡോ. രാജഗോപാലിനെ വിളിച്ച് ഇങ്ങനെ പറഞ്ഞു. “ഒന്നു തൊഴാൻ വിളിച്ചതാണ് രാജഗോപാൽ. ഈ ചെയ്യുന്ന പുണ്യകർമ്മത്തിന്”—മൂന്നു ദിവസം കഴിഞ്ഞു അവർ മരിച്ചു.

ഡോ. എം. ആർ. രാജഗോപാൽ കേരളത്തിലെ പാലിയേറ്റീവ് കെയർ സംഘടനയുടെ സ്ഥാപകനും നായകനുമാണ്. മനുഷ്യജീവിതം ദുഃഖസാഗരമാണെന്ന് നമുക്കറിയാം. ഒരായിരം പ്രശ്നങ്ങളും കൈപിടിച്ചു കൂടെ നടക്കുന്ന മൃത്യുവും നമ്മെ എന്നും ആകുലരാക്കുന്നു. ഏറ്റവുമധികം ഭയം നമുക്ക് വേദനയെയാണ്. കഷ്ടപ്പെടുത്തല്ലേ എന്നാണ് വൃദ്ധജനങ്ങൾ പോലും ഈശ്വരനോട് അപേക്ഷിക്കുന്നതും. ഈ ഭൂമിയിൽ നിന്ന് അത്രയെളുപ്പത്തിൽ ഇറങ്ങിപ്പോകാനൊന്നുമൊക്കുകയില്ല. വേദനയും അല്ലലും സഹിച്ചേപറ്റൂ. രോഗങ്ങൾ മൃത്യുവിന്റെ കൈപിടിച്ചു മാത്രമല്ല വേദനകളെയും കൂട്ടിക്കൊണ്ടാണു വരുന്നത്. ശ്രീബുദ്ധൻ ചോദിച്ചപോലെ! എന്താണിതിനു പരിഹാരം?

ആവുന്നതുപോലെയൊക്കെ ആശ്വസിപ്പിക്കാം എന്നുപറയുകയാണ് ഡോ. രാജഗോപാൽ. പൂർണ്ണമായ വേദനാസംഹാരമൊന്നും സാധ്യമല്ല. അതിനു സാധിക്കുക മഹാനിദ്രയ്ക്കുമാത്രം. എങ്കിലും മരുന്നുകൾകൊണ്ട് ആശ്വാസമുണ്ടാക്കുവാൻ സാധിക്കും. “ജീവിക്കാൻ രോഗിയെയും കുടുംബത്തെയും സഹായിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം”, എന്നു പാലിയം പറയുന്നു. വേദന മാറ്റുകമാത്രമല്ല കുടുംബത്തിന്റെ പ്രശ്നങ്ങളിൽ ആവുന്നത്ര സഹായിക്കുക എന്നതും അവർ കടമയായി കാണുന്നു. പാലിയം സംഘടനയെപ്പറ്റിയുള്ള രണ്ടു തെറ്റിദ്ധാരണകൾ, അവർ കാൻസർ രോഗികളെമാത്രമാണ് ശുശ്രൂഷിക്കുന്നത് എന്നതും മരിക്കാറായവർക്കു മാത്രമേ അവർ സേവനം ലഭ്യമാക്കുകയുള്ളൂ എന്നതുമാണ്. ഇതു രണ്ടും ശരിയല്ല. വേദന ദുസ്സഹമായി അനുഭവപ്പെടുന്ന ഏതു രോഗിക്കും അവരെ സമീപിക്കാം. ആവുന്നത്ര ആശ്വാസം നേടാം. ഇപ്പോൾ തന്നെ അവരുടെ ശ്രദ്ധയിൽ എഴുപതിലേറെ പേർ (അധികവും ചെറുപ്പക്കാർ) നട്ടെല്ലുതകർന്ന് അരയ്ക്കു താഴെ തളർന്നവരായുണ്ട്. അവരും ഈ ശുശ്രൂഷയിൽ കുറെയൊക്കെ ആശ്വാസം നേടുന്നു.

രാജഗോപാലിനോടൊപ്പം കുറെവോളണ്ടിയർമാർ ഉണ്ടെന്നതാണ് വലിയൊരു ധന്യത. വീടുകളിൽ ചെന്ന് അവർ രോഗികൾക്ക് ശുശ്രൂഷ നൽകുന്നു. ഇതോടൊപ്പമുള്ള സമാധാനവാക്കുകൾ ഒരു കൌൺസലിംഗിന്റെ ഫലം ചെയ്യുന്നു. രോഗം സംബന്ധിച്ചുള്ള എല്ലാ ദുരിതങ്ങൾക്കും അല്പമെങ്കിലും സമാധാനം നൽകുവാൻ ഈ ശുശ്രൂഷാരീതിക്കു സാധിക്കുന്നു. മോർഫിൻ എന്ന വേദനാസംഹാരിയാണ് ഈ ചികിത്സയെ ഏറ്റവുമധികം സഹായിക്കുന്നത്. സേവനം പൂർണ്ണസൌജന്യമാണ് എന്നത് ഇതിനെ കൂടുതൽ ശോഭായമാനമാക്കുന്നു.

എന്താണു വേദന? എന്താണു ദുഃഖം? ഇതൊക്കെ സ്വയം വരികയോ അതിലധികം ഏറ്റവും പ്രിയപ്പെട്ടവർക്കു വരികയോ ചെയ്യുമ്പൊഴാണ് നമുക്കു ദുസ്സഹമായിത്തീരുന്നത്. അപ്പോൾ പ്രസന്നമായ മുഖത്തോടെ, ആശ്വാസവാക്കോടെ, വേദന കുറെ കുറച്ചുനൽകുന്ന ഔഷധങ്ങളോടെ നിസ്വാർത്ഥരായ കുറെ ബന്ധുക്കൾ എത്തിച്ചേരുന്നത് ഈശ്വരാനുഗ്രഹമായി രോഗിക്കും വീട്ടുകാർക്കും അനുഭവപ്പെടുന്നു.

സ്നേഹം എന്നാണ് പാലിയം കെയറിന്റെ ഔഷധത്തിന്റെ പേര്. അത് ഇവരുടെ കൈകളിൽ വാരിക്കോരി നിറച്ചയച്ചത് സൃഷ്ടിക്കും സംഹാരത്തിനും ഉടമയായ ആ അനന്തശക്തി തന്നെയാണ്. പാലിയത്തെ നയിക്കുന്ന ഡോ. രാജഗോപാലിന് എന്റെ നിറഞ്ഞ കണ്ണുകളോടെയുള്ള പ്രണാമം. അദ്ദേഹത്തോടൊപ്പമുള്ള കുട്ടികളുടെ ശിരസ്സിൽ കൈവെച്ചു ഞാൻ പ്രാർത്ഥിക്കുന്നു.

നന്നായി വരട്ടേ, ദൈവാനുഗ്രഹം നിങ്ങളോടൊപ്പം എന്നും.

□

## സുഗതകുമാരി



മലയാളത്തിലെ പ്രശസ്ത കവയിത്രിയും കേരളത്തിന്റെ പ്രശ്നങ്ങളിൽ ശ്രദ്ധാലുവായ സാമൂഹിക, പരിസ്ഥിതി പ്രവർത്തകയുമായിരുന്ന സുഗതകുമാരി. പ്രകൃതി സംരക്ഷണ സമിതിയുടെ സ്ഥാപക സെക്രട്ടറിയാണ് ഇവർ. കേരള സംസ്ഥാന വനിതാ കമ്മീഷന്റെ മുൻ ചെയർപേഴ്സണായിരുന്നു. സേവ് സൈലന്റ് വാലി പ്രതിഷേധത്തിൽ വലിയ പങ്കു വഹിച്ചു. 2020 ഡിസംബർ 23-ന് മരണമടഞ്ഞു.

1934 ജനുവരി 22 പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വാഴുവേലിൽ തറവാട്ടിൽ ജനിച്ചു പിതാവ്: സ്വാതന്ത്ര്യസമരസേനാനിയും കവിയുമായിരുന്ന ബോധേശ്വരൻ, മാതാവ്: വി. കെ. കാർത്യായനി അമ്മ. തത്വശാസ്ത്രത്തിൽ എം. എ. ബിരുദം നേടിയിട്ടുണ്ട്. സൈലന്റ് വാലി പ്രക്ഷോഭത്തിൽ സുഗതകുമാരി വലിയ പങ്കുവഹിച്ചു. അഭയഗ്രാമം, അഗതികളായ സ്ത്രീകൾക്കു വേണ്ടി അത്താണി എന്ന ഭവനം, മാനസിക രോഗികൾക്കുവേണ്ടി പരിചരണാലയം എന്നിങ്ങനെ കേരളത്തിന്റെ സാമൂഹിക രംഗത്ത് സുഗതകുമാരിയുടെ സംഭാവനകൾ പലതാണ്. സംസ്ഥാന വനിതാ കമ്മീഷന്റെ അദ്ധ്യക്ഷ ആയിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുഗതകുമാരി അശ്രാന്തം പരിശ്രമിച്ചിരുന്നു. സാഹിത്യത്തിലെ സമഗ്ര സംഭാവനകൾക്ക് നൽകുന്ന എഴുത്തച്ഛൻ പുരസ്കാരത്തിന് 2009-ൽ അർഹയായിട്ടുണ്ട്.

തിരുവനന്തപുരം ജവഹർ ബാലഭവന്റെ പ്രിൻസിപ്പലായിരുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന തളിര് എന്ന മാസികയുടെ ചീഫ് എഡിറ്ററാണ്. പ്രകൃതിസംരക്ഷണ സമിതിയുടെയും അഭയയുടെയും സ്ഥാപക സെക്രട്ടറി. സാമൂഹിക സേവനത്തിനുള്ള ലക്ഷ്മി അവാർഡ് ലഭിച്ചിട്ടുണ്ട്. ഭർത്താവ്: പരേതനായ ഡോ. കെ. വേലായുധൻ നായർ. മകൾ: ലക്ഷ്മി.

അദ്ധ്യാപികയും വിദ്യാഭ്യാസവിദഗ്ദ്ധയുമായ ഹൃദയകുമാരി സഹോദരിയാണ്. സൈലന്റ് വാലി അഥവാ നിശ്ശബ്ദ വനം എന്ന കവിത സുഗതകുമാരിയുടെ പ്രകൃതിയോടുള്ള ആത്മബന്ധത്തിന്റെ അടയാളമാണ്. ഇതിൽ സൈലന്റ് വാലി നഷ്ടപ്പെട്ടുമോ എന്ന കവയിത്രിയുടെ ആശങ്കയാണ് പങ്കുവെക്കുന്നത്.

### കൃതികൾ

- മുത്തുച്ചിപ്പി (1961)
- പാതിരാപ്പൂക്കൾ (1967) (കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി)
- പാവം മാനവഹൃദയം (1968)
- പ്രണാമം (1969)
- ഇരുൾ ചിറകുകൾ (1969)
- രാത്രിമഴ (1977) (കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ്)
- അമ്പലമണി (1981) (ആശാൻ പ്രൈസ്, വയലാർ അവാർഡ്, ഓടക്കുഴൽ പുരസ്കാരം)
- കുറിഞ്ഞിപ്പൂക്കൾ (1987) (ആശാൻ സ്മാരക സമിതി (മദ്രാസ്) അവാർഡ്)
- തുലാവർഷപ്പച്ച (1990) (വിശ്വദീപം അവാർഡ്)
- രാധയെവിടെ (1995) (അബുദാബി മലയാളി സമാജം അവാർഡ്)
- കൃഷ്ണകവിതകൾ (ജന്മാഷ്ടമി പുരസ്കാരം, എഴുകോൺ ശിവശങ്കരൻ സാഹിത്യ അവാർഡ്)
- മേഘം വന്നു തൊട്ടപ്പോൾ
- ദേവദാസി
- വാഴത്തേൻ
- മലമുകളിലിരിക്കെ
- സൈലന്റ് വാലി (നിശ്ശബ്ദ വനം)
- വായാടിക്കിളി
- കാടിനു കാവൽ

(ചിത്രത്തിനും വിവരങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014